പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം 155 | 06/02/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ബി.ഡി. ദേവസ്സി<br>,, ഡി.കെ. മുരളി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ പദാർത്ഥങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയെല്ലാം ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരാനും അവർ നിയമം അനുശാസിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | എ) | 2006-ൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും 2011-ൽ ഭക്ഷ്യ സുരക്ഷാ റൂൾസും അനുബന്ധ റഗുലേഷനുകളും നിലവിൽ വരികയുണ്ടായി. ഇതിൽ ഭക്ഷ്യ സുരക്ഷാ (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ 2011 പ്രകാരമാണ് ഭക്ഷ്യപദാർത്ഥങ്ങളുടെ ഉത്പാദനത്തിലും വിതരണത്തിലും സംഭരണത്തിലും പാക്കിംഗിലും വില്പനയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ലൈസൻസും ചെറുകിട വ്യാപാരികൾക്ക് രജിസ്ട്രേഷനും നൽകുന്നത്. ടി നിയമപ്രകാരം സംസ്ഥാനത്തെ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള ഭക്ഷ്യ സംരംഭകരെ രജിസ്ട്രേഷൻ/ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് സമ്പൂർണ്ണമാക്കാനും ഈ നിയമം അനുശാസിക്കുന്ന പ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പ് എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി കൊല്ലം ജില്ലയെ ഇൻഡ്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയ ജില്ലയായി 2018-ൽ പ്രഖ്യാപിക്കുകയുണ്ടായി.<br><br>സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളെയും സമ്പൂർണ്ണ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയ ജില്ലകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| ബി) | ഭക്ഷ്യയോഗ്യമല്ലാത്തതിനാൽ 170 ബ്രാൻഡിലുള്ള വെളിച്ചെണ്ണ ഈ വർഷം മാത്രം നിരോധിക്കേണ്ടി വന്നതും തമിഴ്നാട്ടിൽ നിന്ന് വൻതോതിൽ മായം കലർന്ന ശർക്കര സംസ്ഥാനത്തേക്ക് എത്തുന്നതുമെല്ലാം ഭക്ഷണപദാർത്ഥങ്ങളിൽ മായം കലർത്തുന്നതിന്റെ വ്യാപ്തി വളരെയധികമാണെന്ന് വെളിപ്പെടുത്തുന്നതിനാൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടിയെടുക്കുമോ; | ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് ഈ മേഖലയിൽ ഫലപ്രദമായി ഇടപെട്ടതിന്റെ ഫലമായി 2018-ൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം പാലിക്കാത്തതിന്റെ പേരിൽ 166 വെളിച്ചെണ്ണ ബ്രാൻഡുകൾ നിരോധിച്ച് ഉത്തരവായിരുന്നു. ഇപ്പോൾ വിപണിയിൽ ലഭ്യമായ ബ്രാൻഡുകളുടെ സാമ്പിളുകൾ ശേഖരിച്ച് തുടർ പരിശോധനകളും ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്.<br>'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി മായം കലർന്നതാണ് എന്ന് കണ്ടെത്തിയ ശർക്കര വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് മായംകലർന്ന ശർക്കര കൊണ്ടുവരുന്നത് തടയുന്നതിനായി അതത് സംസ്ഥാനങ്ങളുടെ ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാർക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. |
| സി) | മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയാൻ നടത്തിയ ഓപ്പറേഷൻ സാഗരറാണി തുടരുന്നുണ്ടോ; | സി) | മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി'. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മത്സ്യ മാർക്കറ്റുകളിലും മത്സ്യ വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന മത്സ്യം പരിശോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തിയിട്ടുണ്ട്.<br>കൂടാതെ 'സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി' പുറത്തിറക്കിയ കിറ്റുപയോഗിച്ച് മാർക്കറ്റുകളിൽ വിൽക്കുന്ന മത്സ്യത്തിലെ രാസവസ്തുക്ക |

| | | | |
|---|---|---|---|
| | | | ളുടെ സാന്നിദ്ധ്യം ഉടൻ കണ്ടെത്താൻ സാധി ക്കുന്നതിനാലും പരിശോധനകൾ കർശനമാക്കിയ തിനാലും ഇപ്പോൾ കേരളത്തിൽ ലഭിക്കുന്ന മത്സ്യ ങ്ങളിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടുവരു ന്നില്ല. 'ഓപ്പറേഷൻ സാഗർറാണി' ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടർന്ന് കൊണ്ടിരിക്കുന്ന ഒരു ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമാണ്. |
| ഡി) | സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഗ്രാമപഞ്ചാ യത്ത് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | ഡി) | കേരളത്തിന്റെ ഗ്രാമപ്പഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഉറപ്പാക്കുന്നതിനു വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. 2016-17-ൽ 50 ഗ്രാമപ്പഞ്ചായത്തുകളിലും 2017-18-ൽ 100 ഗ്രാമപ്പ ഞ്ചായത്തുകളിലും ഈ സാമ്പത്തിക വർഷം 120 ഗ്രാമപ്പഞ്ചായത്തുകളിലും ഈ പദ്ധതി വിജയകര മായി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തുകളിലെ ഭക്ഷണ ഉത്പാദന, സംഭരണ, വിതരണ, വിൽപന മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വർക്കും ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം അനുശാസിക്കുന്ന തരത്തിലുള്ള ലൈസൻസ്/ രജി സ്ട്രേഷൻ ഉറപ്പുവരുത്തുകയെന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കൂടാതെ പൊതു ടാപ്പുകളിലേയും, പൊതു കിണറുകളിലേയും സ്കൂളുകൾ, കോളേജു കൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ, വീടുകൾ എന്നി വിടങ്ങളിലെയും കുടിവെള്ളം പരിശോധിച്ച് ഗുണനി ലവാരം ഉറപ്പുവരുത്തുക, സുരക്ഷിതവും ആരോഗ്യകര വുമായ ഭക്ഷണ രീതികളെക്കുറിച്ച് അവബോധം നൽകുക എന്നിവ ഇതിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. |
| ഇ) | 'സുരക്ഷിതവും പോഷക സമൃദ്ധവു മായ ആഹാരം കുട്ടികൾക്ക്' എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്തിട്ടു ള്ള 'സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ' പരിപാടിയുടെ പുരോഗതി അറിയിക്കാമോ? | ഇ) | സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവു മായ ഭക്ഷണരീതി വളർത്തിയെടുക്കുന്നതിനുവേണ്ടി കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലെ 8, 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണരീതികൾ പരിചയപ്പെ ടുത്തുകയും ജീവിതശൈലീ രോഗങ്ങളെ ചെറുത്ത് |

| | | | |
|---|---|---|---|
| | | | ആരോഗ്യകരമായ ഒരു സമൂഹത്തെ എങ്ങനെ കെട്ടിപ്പടുക്കാമെന്ന ലക്ഷ്യത്തെക്കുറിച്ച് ബോധവാൻമാരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br><br>2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട 293 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ